പതിനാലാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 2328 — 08/05/2017 -ൽ മറുപടിയ്ക്ക്

## എസ്.എസ്.എൽ.സി ബുക്കിലെ തെറ്റുകൾ തിരുത്തുന്നതിനുള്ള രേഖകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.എം.ഷാജി | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) എസ്.എസ്.എൽ.സി ബുക്കിൽ മാതാവിന്റെയും പിതാവിന്റെയും പേരിലെ തെറ്റ് തിരുത്തുന്നതിന് മറ്റ് രേഖകൾക്ക് പുറമേ വില്ലേജോഫീസറുടെ വൺ ആൻഡ് സെയിം സർട്ടിഫിക്കറ്റ് നിർബന്ധ മായിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച റൂൾ/ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) ഉണ്ട് സ.ഉ(സാധാ)നം.5867/2011/പൊ.വി.വ തീയതി 29/12/2011 (പകർപ്പ് അനുബന്ധമായി ചേർക്കുന്നു) |
| (ബി) അപേക്ഷകനെ നന്നായി അറിയുന്ന ഒരു ഗസറ്റഡ് ഓഫീസർ ടി ആവശ്യത്തിന് സർട്ടിഫിക്കറ്റ് നൽകുന്നതിലെ അപാകത എന്താണ്; വില്ലേജാഫീസറെ മാത്രം ഇതിനായി ആശ്രയിക്കേണ്ടി വരുന്നതു മൂലമുള്ള ബുദ്ധിമുട്ട് പരിഗണിച്ച് ആവശ്യമെങ്കിൽ നിയമത്തിൽ മാറ്റം വരുത്തി പ്രസ്തുത അധികാരം ഗസറ്റഡ് ഓഫീസർക്കും നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) സർക്കാർ ചുമതലപ്പെടുത്തിയ അധികാരിയായ വില്ലേജ് ഓഫീസർ തന്നെ നല്കുന്നതാണ് അഭികാമ്യം. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - എസ്.എസ്.എൽ.സി./സ്കൂൾ റിക്കാർഡുകളിൽ, കുട്ടികളുടെ മേൽവിലാസം, മാതാപിതാക്കളുടെ പേര് എന്നിവ തിരുത്തിനൽകുന്നത് - വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കുന്നതിന് നിർദ്ദേശിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്**

**സ.ഉ.(സാധാ) നം. 5867/2011/പൊ.വി.വ.** **തീയതി, തിരുവനന്തപുരം, 29/12/2011**

---

പരാമർശം: 1) സ.ഉ. (സാധാ) നം. 2281/11/പൊ.വി. തീയതി 18/6/2011.
2) പരീക്ഷാഭവൻ ജോയിന്റ് കമ്മീഷണറുടെ 12/7/2011-ലെ BB2/8912/2010/സിജിഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എസ്.എസ്.എൽ.സി/സ്കൂൾ റിക്കാർഡുകൾ എന്നിവയിലെ ജനനത്തീയതി തിരുത്തുന്നതിനുള്ള ആധികാരിക രേഖയായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ജനന സർട്ടിഫിക്കറ്റുകൾ അംഗീകരിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. എന്നാൽ കുട്ടികളുടെ മേൽവിലാസം, മാതാപിതാക്കളുടെ പേര് എന്നിവ തിരുത്തി നൽകുന്നതിന് നിലവിലുള്ള നിയമങ്ങൾ അപര്യാപ്തമായ സാഹചര്യത്തിൽ ആയത് തിരുത്തി നൽകുന്നതിന് ജനന സർട്ടിഫിക്കറ്റ് ആധികാരിക രേഖയായി പരിഗണിക്കുന്നതോടൊപ്പം ബന്ധപ്പെട്ട വില്ലേജ് ഓഫീസർ നൽകുന്ന ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റും ഹാജരാക്കുന്നതിന് നിർദ്ദേശിച്ച് ഉത്തരവാകണമെന്ന് പരാമർശം (2) പ്രകാരം സർക്കാരിൽ സമർപ്പിയ്ക്കപ്പെട്ട ശുപാർശ വിശദമായി പരിശോധിച്ചു.

കുട്ടികളുടെ മേൽവിലാസം, മാതാപിതാക്കളുടെ പേര് എന്നിവ എസ്.എസ്.എൽ.സി/സ്കൂൾ റിക്കാർഡുകൾ ഇവയിൽ തിരുത്തൽ വരുത്തുന്നതിന്, ജനന സർട്ടിഫിക്കറ്റ് ആധികാരിക രേഖയായി പരിഗണിക്കുന്നതോടൊപ്പം ബന്ധപ്പെട്ട വില്ലേജ് ഓഫീസർ രക്ഷകർത്താവിന് നൽകുന്ന സാക്ഷ്യപത്രം (one and same certificate) കൂടി ഹാജരാക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ച് സർക്കാർ ഇതിനാൽ ഉത്തരവാകുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**കൃഷ്ണ ശർമ. പി.**
**ഡെപ്യൂട്ടി സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം.
സെക്രട്ടറി, പരീക്ഷാഭവൻ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർമാർ (പരീക്ഷാ കമ്മീഷണർ മുഖേന).
ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ (പരീക്ഷാ കമ്മീഷണർ മുഖേന).
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ (പരീക്ഷാ കമ്മീഷണർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ& ഇ), തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

k